(ബി) ഈ കോളേജുകളിലെ ലൈബ്രറികളും ക്ലാസ് മുറികളും ആധുനിക വൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കോളേജുകളിലെ അമൂല്യ പുസ്തകങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കോളേജുകളിൽ ആധുനിക വാദ്യോപകരണങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ; ഈ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംഗീത കോളേജുകൾ, ശ്രീ. സ്വാതി തിരുനാൾ സംഗീത കോളേജ്, തിരുവനന്തപുരം. ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ, ചെമ്പൈ മെമ്മോറിയൽ ഗവൺമെന്റ് മ്യൂസിക് കോളേജ്, പാലക്കാട് എന്നിവയാണ്. പ്രസ്തുത സംഗീത കോളേജുകളുടെ സമഗ്ര വികസനത്തിനും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പ്രഗത്ഭരായ വ്യക്തികളെ ഉൾപ്പെടുത്തി ക്കൊണ്ട് 13-2-2008-ലെ ജി.ഒ(ആർ.റ്റി) നമ്പർ 266/2008/ഉ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം ഒരു വിദഗ്ദ്ധ നിർദ്ദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമുകളും നാഷണൽ സെമിനാറുകളും 2009-10 സാമ്പത്തിക വർഷത്തിൽ നടത്തുകയുണ്ടായി.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) കോളേജുകളിലെ അമൂല്യ പുസ്തകങ്ങൾ സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനുമായി 21 ലക്ഷം രൂപ അനുവദിക്കുകയും അതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ഡി) നടപടി സ്വീകരിക്കാവുന്നതാണ്.

പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സുകളുടെ ഫീസ്

53 (3800) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സുകളുടെ ഫീസ് നിശ്ചയിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കോഴ്സിന് പഠിക്കുന്ന എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് ഫീസ് നിശ്ചയിക്കാത്തതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കുന്ന ഫീസ് ആനുകൂല്യം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

റിസോഴ്സസ് അദ്ധ്യാപകർക്കുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും

54 (3801) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ., ഐ.ഇ.ഡി.സി., ഐ.ഇ.ഡി.എസ്.എസ്. എന്നിവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന റിസോഴ്സസ് അദ്ധ്യാപകർക്കുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും എത്രയെന്നു വ്യക്തമാക്കുമോ ;

(ബി) ഐ.ഇ.ഡി.സി.യിൽ പ്രവർത്തിക്കുന്ന അദ്ധ്യാപികമാർക്ക് മെറ്റേണിറ്റി ലീവ് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇവർക്കും പ്രസ്തുത ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സർവ്വ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി.സി.)യിൻ കീഴിൽ ജോലി ചെയ്തുവരുന്ന റിസോഴ്സ് അധ്യാപകർക്ക് പ്രതിമാസം 5870 രൂപ ഓണറേറിയവും പരമാവധി 500 രൂപ വരെ യാത്രാപ്പടിയും നൽകി വരുന്നു. ഐ.ഇ.ഡി.എസ്.എസ്.-ൻ കീഴിൽ ജോലി ചെയ്യുന്ന പൂർണ്ണ യോഗ്യതയുള്ള റിസോഴ്സ് അദ്ധ്യാപകർക്ക് പ്രതിമാസം 8,900 രൂപയും അല്ലാത്തവർക്ക് 8,500 രൂപയുമാണ് ശമ്പളമായി നൽകുന്നത്.

(ബി) ഐ.ഇ.ഡി.സി. റിസോഴ്സ് അധ്യാപകരെ കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഒരു വർഷത്തിൽ കൂടുതൽ കാലയളവിൽ കരാർ പുതുക്കി ജോലിയിൽ തുടരുന്ന അദ്ധ്യാപികമാർക്ക് പ്രസവ സംബന്ധമായി 3 മാസം ശമ്പളത്തോടുകൂടിയുള്ള അവധിയും അല്ലാത്തവർക്ക് 3 മാസം വരെ ശമ്പളരഹിത അവധിയും അനുവദിച്ചു വരുന്നു.

(സി) ബാധകമല്ല.

കുട്ടികൾ കുറയുന്നതുമൂലം ജോലി നഷ്ടപ്പെടുന്ന സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ ആനുകൂല്യം

55 (3802) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾ കുറയുന്നതുമൂലം ജോലി നഷ്ടപ്പെടുന്ന സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ ആനുകൂല്യം ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly